മാന്നാർ ഡിസ്പെൻസറി

79. [2] ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്നാർ ഡിസ്പെൻസറിക്ക് ഇൻപേഷ്യൻസ് വാർഡ്, മെറേർണിറ്റി വാർഡ് ഉൾപ്പെടെ പണിയണമെന്ന് പബ്ലിക്കിന്റെ നിവേദനത്തിന്മേൽ അക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണെന്ന 1962-ൽ മറുപടിതന്നതനുസരിച്ച് ഇതുവരേയും അതിനുള്ള നടപടി സ്വീകരിക്കാത്തതിന് പ്രത്യേക കാരണമുണ്ടോ ;

(ബി) അവിടെ പുതിയതായി വാർഡു പണിയുന്നതിനു നടപടി ദയവായി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12 കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയാറാക്കാൻ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) നടപടികൾ എടുത്തുവരികയാണ്.

മലേറിയ ഇറാഡിക്കേഷൻ സർവ്വൈലൻസ് വർക്ക്

80. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലേറിയ ഇറാഡിക്കേഷൻ സർവ്വൈലൻസ് വർക്ക് എന്നാണ് കേരളത്തിൽ തുടങ്ങിയത് ;

(ബി) എന്നുവരെ ആ ജോലി തുടരുവാൻ ഉദ്ദേശിക്കുന്നു ;

(സി) പ്രസ്തുത ജോലിയിൽ ഇപ്പോൾ കേരളത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) ഇവരിൽ ഓവർഏജ് ആയവർ എത്ര ;

(ഇ) ഓവർഏജ് ആയിട്ടുള്ളവർ പിരിച്ചുവിടപ്പെടുമ്പോൾ അവരെ ഫാമിലി പ്ലാനിംഗ് ജോലിക്കു നിയോഗിക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) 1960 ആഗസ്റ്റ് 8-ാംതീയതി.

(ബി) 31-3-1964 വരെ, തിരുവനന്തപുരം യൂണിറ്റിൽ മാത്രം 31-3-1965 വരെ തുടരും.

(സി) 1692.

(ഡി) 1000 പേർ വരും.

(ഇ) അവർക്ക് ജോലി കൊടുക്കാൻ കഴിയുമോ എന്നും എങ്കിൽ എവിടെയെല്ലാമാണെന്നുമുള്ള കാര്യം ഗവണ്മെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

സ്മാംപോക്സ് ഇറാഡിക്കേഷൻ സ്കീമിൽ ജോലിചെയ്യുന്നവർ

81. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാംപോക്സ് ഇറാഡിക്കേഷൻ സ്കീമിൽ ഇപ്പോൾ എത്രപേർ കേരളത്തിൽ ജോലിചെയ്യുന്നുണ്ട് ;

(ബി) ഇപ്പോൾ കേരളത്തിൽ സ്മാംപോക്സ് എവിടെയെല്ലാം ഉണ്ട് ;

(സി) സുഖക്കേട് പിടിച്ചവരിൽ എത്രപേർ മരിച്ചു ; എത്രപേർ സുഖപ്പെട്ടു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 817.

(ബി) എവിടെയെല്ലാമുണ്ടെന്നു് പറയാൻ നിവൃത്തിയില്ല. എന്നാൽ ഈ വർഷം പുനലൂർ, നെടുമങ്കാവു്, പരപ്പനങ്ങാടി, തലശ്ശേരി എന്നിവിടങ്ങളിൽ മസൂരിബാധ ഉണ്ടായി.

(സി) 14 പേക്കു് സുഖക്കേടു പിടിപെട്ടു. അവരെല്ലാപേരും രക്ഷപ്പെട്ടു.

മിൽക്കു സപ്ലൈ യൂണിയനിലെ ധനാപഹരണം

82. [6] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മിൽക്കു് സപ്ലൈ യൂണിയനിൽ വല്ല ധനാപഹരണവും നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; ആരാണു് ഉത്തരവാദി ; തുടർന്നു എന്തു നടപടികളാണു് എടുത്തു ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഇതേസംബന്ധിച്ചു ഒരു കേസു ചാർജ്ജുചെയ്തിട്ടുണ്ടു്. ഈ കേസു് നിലവിലിരിക്കുന്നതിനാൽ കൂടുതൽ വിവരങ്ങളും നൽകാൻ നിവൃത്തിയില്ല.

[9 A. M.] **Mr. Speaker :** Order, order. Question hour is over.

CALLING ATTENTION UNDER RULE 61.

I The lot of the Tapioca growers of the State due to the fall in prices of tapioca.

Mr. Speaker : I have received a notice under Rule 61 from Shri D. Damodaran Potti. I call upon him to make a statement.

ശ്രീ. ആന്റണി ഡിക്രൂസു് : സർ, റൂൾ 49 അനുസരിച്ചു ഞാൻ ഒരു മോഷനു് നോട്ടീസു കൊടുത്തിരുന്നു. അതിന്റെ കാര്യം എന്തായി എന്നറിഞ്ഞില്ല.

Mr. Speaker : I examined it. There is no urgency warranting the moving of an adjournment motion.

ശ്രീ. ഡി. ദാമോദരൻപോറ്റി: സർ, ഈ രാജ്യത്തെ മരച്ചീനി കൃഷിക്കാർ ഇപ്പോൾ അനുഭവിക്കുന്ന യാതനകളെ സംബന്ധിച്ചു ചില വസ്തുതകൾ ഈ ഗവണ്മെന്റിന്റെ മുമ്പാകെ വയ്ക്കണമെന്നാണു് ഞാൻ ഈ നോട്ടീസുകൊണ്ടു ഉദ്ദേശിക്കുന്നതു്. നമ്മുടെ രാജ്യത്തു ഓരോ വർഷംകൂടുംതോറും മരച്ചീനികൃഷി അധപ്പതിച്ചുവരികയാണെന്നു കണക്കുകൾ നോക്കിയാൽ കാണാൻ കഴിയും. 1954-ൽ ഡാക്ടർ പി. ജെ. തോമസ്സിന്റെ അദ്ധ്യക്ഷതയിൽ ഒരു മരച്ചീനി കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. അന്നത്തെ പഴയ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലെ മരച്ചീനി വ്യവസായത്തെ സംബന്ധിച്ചിടത്തോളവും മരച്ചീനികൃഷിയെ സംബന്ധിച്ചിടത്തോളവും വേണ്ട പരിശോധനകളും നടത്തി തക്ക സമയത്തു റിപ്പോർട്ടു സമർപ്പിക്കുന്നതിനാണു് ഈ കമ്മിറ്റി രൂപീകരിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly